**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3280** **10.12.2018 ൽ ൽ മറുപടി നൽകേണ്ടിയിരുന്നത്**

**ഭൂരഹിതരില്ലാത്ത കേരളം**

**ചോദ്യം**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**മറുപടി**
**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പ്രവർത്തനം വിശദീകരിക്കാമോ; | (എ) കേരള സംസ്ഥാനത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഭൂരഹിതരായ കുടുംബങ്ങളിൽ നിന്നും വിവിധ പതിവ് ചട്ടങ്ങളുടെ കീഴിൽ 3 സെന്റ് ഭൂമി വീതം പതിച്ചു നൽകുന്നതിന് അപേക്ഷ സ്വീകരിക്കുകയും ആയതിൽ പരിശോധന നടത്തി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ തലത്തിൽ ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു സ്റ്റേറ്റ് ലെവൽ സ്പെഷ്യൽ സെൽ രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു. നിലവിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയിലേയ്ക്ക് മാറ്റി ഉത്തരവായിട്ടുണ്ട് |
| (ബി) | ഈ പദ്ധതിയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) ഈ പദ്ധതിയ്ക്ക് 3,82,155 അപേക്ഷകളാണ് ലഭിച്ചത്. |
| (സി) | എത്ര പേരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (സി)യും (ഡി)യും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |
| (ഡി) | ഇതിൽ എത്ര പേർക്ക് ഭൂമി കൈമാറിയെന്നും അവശേഷിക്കുന്ന അർഹരായ ഗുണഭോക്താക്കൾ എത്രയെന്നും വിശദമാക്കാമോ; | (table below) |

| ജില്ല | അപേക്ഷകരുടെ എണ്ണം | ഗുണഭോക്താക്കളായി തെരഞ്ഞെടുത്തവരുടെ എണ്ണം | ഭൂമി കൈമാറിയത് | അവശേഷിക്കുന്ന അർഹരായ ഗുണഭോക്താക്കൾ |
|---|---|---|---|---|
| തിരുവനന്തപുരം | 56028 | 54545 | 595 | 53950 |
| കൊല്ലം | 36020 | 28612 | 345 | 28267 |
| പത്തനംതിട്ട | 7584 | 7584 | 669 | 6915 |
| ആലപ്പുഴ | 18134 | 15164 | 183 | 14981 |
| കോട്ടയം | 16320 | 10388 | 477 | 9911 |

| | | | | |
|---|---|---|---|---|
| ഇടുക്കി | 16676 | 5422 | 3615 | 1807 |
| എറണാകുളം | 45644 | 33775 | 110 | 32665 |
| തൃശ്ശൂർ | 32000 | 26982 | 522 | 26460 |
| പാലക്കാട് | 28524 | 23476 | 4112 | 19364 |
| മലപ്പുറം | 42985 | 25998 | 1145 | 24853 |
| കോഴിക്കോട് | 15316 | 2212 | 1034 | 1178 |
| വയനാട് | 7259 | 4034 | 765 | 3269 |
| കണ്ണൂർ | 24778 | 18839 | 1598 | 2854 |
| കാസർഗോഡ് | 34887 | 16144 | 16144 | - |

| | | |
|---|---|---|
| (ഇ) | അവശേഷിക്കുന്ന അർഹരായ ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ ആണ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഇ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് പുതുതായി ആരംഭിച്ച ലൈഫ് മിഷൻ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാക്കുന്നതിന് അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനവുമായി ബന്ധപ്പെട്ടുവാൻ ജില്ലാ കളക്ടർമാർ അപേക്ഷ സമർപ്പിച്ച കക്ഷികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ